(ഇ) അദ്ധ്യാപകർ അവരുടെ പരിശീലനത്തിൽ നേടിയ ശേഷികളും ധാരണകളും ക്ലാസ്സിൽ പ്രയോഗിച്ചു നോക്കുന്നതിനും, കുട്ടികൾക്ക് മുൻവർഷത്തെ പ്രധാനപ്പെട്ട ശേഷികൾ ഒന്നുകൂടെ ഉറപ്പിക്കുന്നതിനുള്ള പഠനാനുഭവങ്ങൾ ലഭ്യമാക്കുന്നതിനും സമൂഹത്തിന് സ്കൂളുകളിൽ നടത്തുന്ന മൊത്തം പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുമുള്ള സാദ്ധ്യതകൾ കിങ്ങിണിക്കൂട്ടം പരിപാടി മുഖാന്തിരം പ്രയോജനപ്പെടുത്തുകയുണ്ടായി.

(എഫ്) ഈ പരിപാടി എല്ലാ ഡി.പി.ഇ.പി. ജില്ലകളിലും ശ്രദ്ധാപൂർവ്വം പഠന വിധേയമാക്കുകയുണ്ടായി. അതിൽ നിന്നുകിട്ടിയ വിവരങ്ങൾ സംയോജിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

37 (2415) സംസ്ഥാനത്തെ സ്കൂളുകളിലെ സിലബസ്സ്

ശ്രീ. പി.ജെ. പൗലോസ് :

ശ്രീ. എ.കെ. മണി :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എസ്.സി., ഐ.സി.എസ്.ഇ എന്നീ സിലബസ് സ്വീകരിച്ചിട്ടുള്ള എത്ര ഗവ. സ്കൂളുകളും എയിഡഡ് സ്കൂളുകളും, അൺഎയിഡഡ് സ്കൂളുകളും ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഓരോ വിഭാഗം സ്കൂളുകളിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ട്;

(സി) ഓരോ വിഭാഗത്തിലെയും എൽ.പി./യു.പി. വിഭാഗങ്ങളിൽ എത്ര കുട്ടികൾ വീതം പഠിക്കുന്നു;

(ഡി) ഇതിൽ ഡി.പി.ഇ.പി സ്കീം പ്രകാരമുള്ള സ്കൂളുകളിലെ എൽ.പി., യു.പി. വിഭാഗങ്ങളിൽ എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ),(ബി),(സി)&ഡി) വിവരം ശേഖരിച്ചു വരുന്നു.

38 (2416) വിദ്യാഭ്യാസ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിൽ ഡി.ഇ.ഒ.തലം വരെയെങ്കിലും കമ്പ്യൂട്ടർവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1997-98, 98-99 എന്നീ രണ്ടു വർഷങ്ങളിലായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ ഓഫീസുകളിലും കമ്പ്യൂട്ടർ,

LIBRARY ARCHIVES Kerala Legislative Assembly